വിവിധതരം കേസുകളും പ്രതികളുടെ അറസ്റ്റും

134 [91] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം 2005 മേയ് 31 വരെ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ കൊലപാതകങ്ങൾ, പെൺവാണിഭക്കേസുകൾ, ബലാൽസംഗങ്ങൾ, സ്ത്രീപീഡനങ്ങൾ, മോഷണങ്ങൾ, വേറെയുള്ള മോഷണങ്ങൾ, കവർച്ചകൾ, കുഴൽപ്പണ കേസുകൾ, കള്ളനോട്ടു നിർമ്മാണക്കേസുകൾ എന്നിവ എത്ര വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് ഓരോന്നിലും എത്ര പ്രതികളാണുള്ളത്;

(ഡി) ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്ര പ്രതികളെയാണ് ഓരോ കേസിലും അറസ്റ്റ് ചെയ്യുവാനുള്ളത്;

(ഇ) അന്വേഷണം പൂർത്തിയാക്കിയ എത്ര കേസുകൾ കോടതിയിൽ എത്തിയിട്ടുണ്ട്?

ഉത്തരം

(എ)—(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കറവാല പണവും മത തീവ്രവാദപ്രവർത്തനവും

135 [92] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി അർബൻ സഹകരണ ബാങ്ക് വഴി 63 കോടി രൂപയുടെ കറവാല പണം എത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം തുടരാൻ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പോലീസിനോട് ആവശ്യപ്പെട്ടിരുന്നുവോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly